ശ്രീ. ടി. എ. തൊമ്മൻ: അതു അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയാണെന്നാണു് ഞാൻ കരുതുന്നതു്. അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിനെ ഞാൻ ഈ വിവരം ധരിപ്പിക്കാം.

ശ്രീ. കെ. ടി. തോമസ്: ഏലത്തോട്ടങ്ങളുടെ സർവ്വേ നടത്തിക്കൊണ്ടിരുന്നതു് ഇപ്പോൾ നിറുത്തിവച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വീണ്ടും തുടങ്ങുന്നതിനു് വേണ്ട ഏർപ്പാടു ചെയ്യുമോ?

ശ്രീ. ടി. എ. തൊമ്മൻ: അന്വേഷിച്ചു, വേണ്ടതു ചെയ്യാം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : നമ്മുടെ സംസ്ഥാനത്തു് ആകെ ഏലത്തോട്ടം എഴുപതിനായിരം ഏക്കർ ഉണ്ടെന്നു എന്റെ കൈയിലുള്ള കണക്കുകൾ ശരിയാണോ?

ശ്രീ. ടി. എ. തൊമ്മൻ: അല്ല സ്വല്പം കൂടി കൂടുതൽ ഉണ്ടു്.

ശ്രീ. കെ. എം. ജോർജ്ജു് : കല്ലാർ പ്രദേശത്തുള്ള ഏലത്തോട്ടങ്ങൾ രോഗബാധിതമാണെന്നും അതിനു പരിഹാരം ഏറ്റവും വേഗം കാണണമെന്നും, പുതിയ നഴ്സറികൾ ഉണ്ടാക്കണമെന്നും കാണിച്ചുകൊണ്ടു് അവിടത്തെ ചെറുകിട കർഷകർ രൂപീകരിച്ചിട്ടുള്ള സൊസൈറ്റി നിവേദനം നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതേപ്പറ്റി ഗവണ്മെന്റു് എന്തു നടപടി സ്വീകരിച്ചു? ഈ രോഗത്തെ സംബന്ധിച്ചു് വിദഗ്ദ്ധോപദേശം നൽകിയിട്ടുണ്ടോ?

ശ്രീ. ഈ. പി. പൗലോസു്: ഓരോ കൃഷിക്കും ഓരോതരം അഗ്രിക്കൾച്ചറൽ പാറേറണാണു് ഉള്ളതു്. ആ പാറേൺ അനുസരിച്ചു് എല്ലാ സൊസൈറ്റികൾക്കും വിദഗ്ദ്ധോപദേശം നൽകിയിട്ടുണ്ടെന്നാണു് ഓർമ്മ.

കൃഷിക്കാരിൽനിന്നും നെല്ലു് വിലയ്ക്കെടുക്കുന്നതിനുള്ള നടപടികൾ

* 678. [2] ശ്രീ. എൻ ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നെൽകൃഷിയിൽ ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന നഷ്ടത്തെ പരിഗണിച്ചു് നെല്ലിനു് ഒരു നിശ്ചിതവില കിട്ടുന്നതിനുവേണ്ടി ഏതെങ്കിലും നടപടി നടത്തുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കൃഷിക്കാരിൽനിന്നും നെല്ലു് വിലയ്ക്കെടുക്കുന്നതിനു് ഗവണ്മെന്റിനു് ഉദ്ദേശമുണ്ടോ ?

ക്ഷീരവികസനമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) നെൽകൃഷി മറ്റു വാണിജ്യവിളവുകളെപ്പോലെ അത്രതന്നെ ആദായകരമല്ലെന്നു പറയാമെന്നല്ലാതെ നഷ്ടമാണെന്നു പറയുന്നതു ശരിയല്ല. നെല്ലിനു് ഒരു നിശ്ചിത വില ക്ലിപ്തപ്പെടുത്തേണ്ടയാവശ്യം ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല.

(ബി) പാക്കേജു പ്രദേശങ്ങളിലും മറ്റുമുള്ള സഹകരണ മാർക്കറ്റിംഗു് സൊസൈറ്റികൾ നെല്ലു വിലയ്ക്കെടുത്തു തുടങ്ങിയിട്ടുണ്ടു്. ഗവണ്മെന്റിൽ നിന്നും നേരിട്ടു വാങ്ങുന്നതിനു ഉദ്ദേശമില്ല.

ശ്രീ. എൻ. ഭാസ്കരൻ നായർ : ഇന്നു കുട്ടനാടു പ്രദേശങ്ങളിൽ നെൽകൃഷിയുടെ ഉല്പാദനച്ചെലവു് പറ ഒന്നിനു രണ്ടര രൂപയുള്ളപ്പോൾ ഒരു പറ നെല്ലിനു രണ്ടു രൂപ മാത്രമേ വില കിട്ടുന്നുള്ളൂ. ഇതു മുന്നു രൂപയായി ക്ലിപ്തപ്പെടുത്തി കൊടുക്കത്തക്ക വിധത്തിൽ വേണ്ട നടപടികൾ കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ് : ഇൻഡ്യാഗവണ്മെൻറ് മറ്റു പ്രദേശങ്ങളിൽ ഒരു വില ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും താഴെയാണ് നമ്മുടെ സ്റ്റേറ്റിൽ വില പോകുന്നതെങ്കിൽ അതു ഗൗരവതരമായിതന്നെ പര്യാലോചിക്കുന്നതാണ്. ഇവിടെ ഉണ്ടാകുന്ന ബുദ്ധിമുട്ട കൊയ്ത്തുകാലം വന്നുകഴിഞ്ഞാൽ കൃഷിക്കാർ ഒരുമാതിരി ഡിസ്ട്രസ് സെയിലാണ് നടത്തുന്നത്. അതുകൊണ്ട് പലപ്പോഴും നെല്ലിനു വില കിട്ടാതെ പോകുന്നുണ്ട്. അതുകൊണ്ട് ഗവണ്മെൻറ് നേരിട്ടല്ലെങ്കിലും ഗോഡൌൺവഴിയും കോവാപ്പറേറ്റീവ് സൊസൈറ്റിവഴിയും നെല്ല് വിലയ്ക്കുവാങ്ങാൻ ഏർപ്പാട് ചെയ്യുന്നുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : നെൽകൃഷി നഷ്ടം ആയതുകൊണ്ട് നെല്ല് കൃഷിചെയ്യ എടുക്കുന്ന സ്ഥലങ്ങൾ മറ്റു കൃഷിക്കു ഉപയോഗിച്ചുവരുന്നതായും ങ്ങനെ കാലാന്തരത്തിൽ നെല്ല് കൃഷി ചെയ്യുന്ന ഭൂമികൾ ഇല്ലാതായിത്തീരുമെന്നും ഉള്ള കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? നെൽകൃഷി ലാഭവുമല്ല, നഷ്ടവുമല്ല എന്നെല്ലാം പറയുന്നതു തെറ്റാണ്. ഇങ്ങനെ നഷ്ടം വരുന്നതുകൊണ്ട് കൃഷി ചെയ്യാതിരിക്കുന്ന കർഷകരെ സഹായിച്ചുകൊണ്ട് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു ഗവണ്മെൻറിനു് ഉദ്ദേശമുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു പ്രായോഗികമായി ഏർപ്പെടുത്തിയിട്ടുള്ള സംഗതികളുടെ ഒരു നീണ്ട പട്ടിക ഞാൻ ഇതിനുമുമ്പ് ഇവിടെ വായിക്കുകയുണ്ടായി. ഇന്നുള്ള ബുദ്ധിമുട്ട നെല്ലിനു വിലയില്ല എന്നുള്ളതല്ല, ഉള്ള വില കർഷകനു ലഭിക്കുവാൻ ബുദ്ധിമുട്ടുണ്ട് എന്നുള്ളതാണ്. മാർക്കറ്റു വിലവച്ചു നോക്കുകയാണെങ്കിൽ നെല്ലിനു പറയുന്ന മുന്നൂറുപ വിലയുണ്ട്. അതു കർഷകനു ലഭിക്കുകയില്ല. അതു കൊടുക്കുന്നതിലെക്കാണ് മാർക്കറ്റിംഗ് സൊസൈറ്റി വഴി നെല്ല് വാങ്ങിക്കുന്നതു്. ഇങ്ങനെയുള്ള സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ : നെൽകൃഷിയുള്ള സ്ഥലങ്ങളിൽ ക്യാഷ് ക്രോപ്പുചെയ്യരുതെന്നു നിർബന്ധിക്കുന്ന നിയമം നിലവിലുണ്ടോ നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങൾ മറ്റു കൃഷി ചെയ്യുവിഭവങ്ങൾ എടുക്കുവാൻ ആളുകൾ ചെയ്യുന്ന ശ്രമത്തെ തടയുവാൻ ഗവണ്മെൻറു എന്തു ചെയ്യുന്നുണ്ട് ?

ശ്രീ. ഇ. പി. പൗലോസ് : നെൽകൃഷി സ്ഥലങ്ങൾ മറ്റു കൃഷികൾക്കായി മാറുന്നതിനു നിയമപരമായ തടസ്സമുണ്ട്. ലാൻറ് യൂട്ടിലൈസേഷൻ ആക്ടിൻറെ പ്രകാരം അങ്ങനെ ചെയ്യുന്നതു തടയാൻ അവകാശം ഉണ്ട്. എന്നാൽ തുടർച്ചയായി മൂന്നു പ്രാവശ്യം നെൽകൃഷി ചെയ്തിട്ടും നഷ്ടമാണ് വരുന്നതെന്നു കണ്ടാൽ അങ്ങനെയുള്ള സ്ഥലത്തു മറ്റുള്ള കൃഷി ചെയ്യുന്ന കാര്യം പരിഗണിക്കുന്നതിനു കളക്ടർക്കു അനുവാദം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻ: പാക്കേജു പദ്ധതി പ്രകാരം സൊസൈറ്റികൾ നെല്ല് എടുക്കുമെന്നു പറയുകയുണ്ടായി. ധാരാളം വില കിട്ടുന്ന അവസരത്തിൽ നെല്ല് കർഷകർ സൊസൈറ്റികൾക്കു കൊടുക്കുന്നില്ല. അതു കണ്ടുപിടിച്ചു ഈ സൊസൈറ്റികൾക്കു തന്നെ നൽകുന്നതിനു വേണ്ട ഏർപ്പാട് ചെയ്യുമോ?

ശ്രീ. ഇ. പി. പൗലോസ്: ഇതിൻറെ വിശദാംശങ്ങൾ അറിയിക്കുകയാണെങ്കിൽ അന്വേഷിക്കാം.

മി. സ്പീക്കർ: ചോദ്യം 3;20 ഇവയുടെ ഉത്തരം നേരത്തേ പറഞ്ഞുകഴിഞ്ഞു.

റോഡുകളുടെ പണികൾ

* 679. [4] † ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963–64–ൽ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന റോഡുകളുടെ പണികൾക്ക് എത്ര ഉറുപ്പിക ഉദ്ദേശിച്ചിരുന്നു:

(ബി) 1964 ഫെബ്രുവരിവരെ എത്ര ചെലവായി;

† Put by Shri E. P. Gopalan

LIBRARY ARCHIVES Kerala Legislative Assembly